**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2319** **05.12.2018 -ൽ മറുപടിക്ക്.**

# റേഷൻകാർഡ് ഉടമകൾക്ക് അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വിവിധ വിഭാഗങ്ങളിൽപ്പെട്ട റേഷൻകാർഡ് ഉടമകൾക്ക് അനുവദിച്ചിരിക്കുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണെന്നും അവയുടെ അളവും വിലയും എത്ര വീതമാണെന്നുമുള്ളതിന്റെയും വിശദവിവരം നൽകുമോ; | (എ) ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നിലവിൽ നൽകി വരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിവരവും ഇവയുടെ വിലവിവരവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇപ്രകാരം അനുവദിച്ചിരിക്കുന്ന റേഷൻ വിഹിതം കാർഡ് ഉടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ? | (ബി) കാർഡുടമകൾക്ക് കൃത്യമായി റേഷൻ വിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രതിമാസം ലഭ്യമാകുന്ന വിഹിതം സംബന്ധിച്ചുള്ള എസ്.എം.എസ് നൽകി വരുന്നു. കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ്, വാതിൽപ്പടി വിതരണം എന്നിവയുടെ കാലതാമസം മൂലം കാർഡുടമകൾക്ക് നിശ്ചിതസമയപരിധിക്കുള്ളിൽ വിഹിതം കൈപ്പറ്റാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാകുന്ന മാസങ്ങളിൽ വിതരണത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകാറുണ്ട്. തദ്ദേശീയ മാധ്യമങ്ങൾ വഴിയും വിതരണക്രമം അറിയിക്കുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*

## അനുബന്ധം

| ഇനം | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം(2018 നവംബർ മാസം ആധാരമാക്കിയിട്ടുള്ളത്) | | | |
|---|---|---|---|---|
| | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം(Priority) | മുൻഗണനേതര വിഭാഗം-സബ്സിഡി(NPS) | മുൻഗണനേതര വിഭാഗം-നോൺ സബ്സിഡി(NPNS) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം കി.ഗ്രാമിന് 2 രൂപ നിരക്കിൽ | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 4/- രൂപ നിരക്കിൽ കൂടാതെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 5 കി.ഗ്രാം സ്പെഷ്യൽ അരി* കി.ഗ്രാമിന് 2 രൂപ നിരക്കിൽ | ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പടെ 4 കി.ഗ്രാം ഭക്ഷ്യധാന്യം അരി കി.ഗ്രാമിന് 10.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 8.70 രൂപ നിരക്കിലും കൂടാതെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 5 കി.ഗ്രാം സ്പെഷ്യൽ അരി കി.ഗ്രാമിന് 2 രൂപ നിരക്കിൽ* |
| ഗോതമ്പ് | ഓരോ കാർഡിനും 5 കി.ഗ്രാം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം കി.ഗ്രാമിന് 2 രൂപ നിരക്കിൽ | ഇല്ല | |
| ആട്ട | ഇല്ല | ഇല്ല | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം കി.ഗ്രാമിന് 17/- രൂപ നിരക്കിൽ | കാർഡിന് പരമാവധി 3 കി.ഗ്രാം വീതം കി.ഗ്രാമിന് 17/- രൂപ നിരക്കിൽ |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം 21 രൂപ നിരക്കിൽ | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 4 ലിറ്ററും ലിറ്ററിന് 31 രൂപ നിരക്കിൽ. പ്രളയ ദുരിതാശ്വാസമായി ലഭ്യമായ നോൺ സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ (ലിറ്ററിന് 49 രൂപ) പ്രളയബാധിതർക്ക് കാർഡൊന്നിന് 3 ലിറ്റർ വീതം | | | |

*പ്രളയ ദുരിതാശ്വാസമായി മുൻഗണനേതര വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ അരി വിതരണം ഡിസംബർ 18 വരെ മാത്രമാണുള്ളത്.